# നീര ലൈസൻസുകളുടെ രണ്ടാംഘട്ട വിതരണം 16ന്

**കൊച്ചി:** സംസ്ഥാനത്ത് നീര ഉൽപാദനത്തിനും വിതരണത്തിനുമായി അനുവദിച്ച ലൈസൻസുകളുടെ രണ്ടാംഘട്ട വിതരണം 16ന് ഉച്ചകഴിഞ്ഞ് മൂന്നിന് ഫൈൻ ആർട്സ് ഹാളിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവ്വഹിക്കുമെന്ന് എക്സൈസ് മന്ത്രി കെ. ബാബു അറിയിച്ചു. 173 ലൈസൻസുകളാണ് ഇതുവരെ അനുവദിച്ചിരിക്കുന്നത്. ആദ്യഘട്ടമായി 16 ലൈസൻസുകൾ 2014ൽ വിതരണം ചെയ്തിരുന്നു. ശേഷിക്കുന്ന 157 ലൈസൻസുകളാണ് രണ്ടാം ഘട്ടത്തിൽ വിതരണം ചെയ്യും. ചടങ്ങിൽ എക്സൈസ് മന്ത്രി കെ. ബാബു അധ്യക്ഷനായിരിക്കും. കൃഷി മന്ത്രി കെ. പി. മോഹനൻ മുഖ്യാതിഥിയായിരിക്കും. നാളികേര വികസന ബോർഡ് ചെയർമാൻ ടി. കെ. ജോസ് മുഖ്യപ്രഭാഷണം നടത്തും.